Godreveals.co.in

# കുട്ടികൾക്കുള്ള ബൈബിൾ പഠന ക്ലാസ്സുകൾ



# മിഷനറി കഥ



# ആരാണ് ഒരു മിഷനറി?

യേശുക്രിസ്തുവിനെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും മറ്റുള്ളവരോട് പറയുവാൻ ദൈവത്താൽ അയയ്ക്കപ്പെട്ട വ്യക്തിയാണ് ഒരു മിഷനറി.

# ഒരു മിഷനറി ആകുവാൻ താങ്കൾ ആഗ്രഹിക്കുന്നോ?

*തന്നെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും എല്ലാവരോടും പറയണമെന്നുള്ളതു യേശുക്രിസ്തുവിന്റെ കല്പനയാണ്.*



**ദൈവം നമ്മെ സ്നേഹിക്കുന്നു; നാം അവനെ അനുസരിക്കണമെന്ന് ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു!**

# മൊർദെക്കായി ഹാം (1877-1961)

ഏപ്രിൽ 2 , 1877 ൽ  അമേരിക്കയിലെ കെന്റക്കിയിലുള്ള അല്ലെൻ കൗണ്ടിയിൽ ജനിച്ചു



- **സഞ്ചരിക്കുന്ന ഒരു സുവിശേഷകനായിരുന്നു മൊർദെക്കായി ഹാം.**
- വളരെ ചെറുപ്പത്തിൽ - തന്റെ ഒൻപതാം വയസ്സിൽ - തന്നെ അദ്ദേഹം ശുശ്രൂഷയ്ക്കു വിളിക്കപ്പെട്ടവനായിരുന്നു.
- **മാതാപിതാക്കളായ തോബിയാസും ഓളിയും മൊർദെക്കായിയെ  കർത്താവിനെ അറിയുവാനും ആദരിക്കുവാനും തക്കവിധത്തിൽ വളർത്തിവലുതാക്കി.**
- മൊർദെക്കായിയുടെ കുടുംബത്തിന് സുവിശേഷപ്രാസംഗികരുടെ തലമുറകളുടെ ഒരു നീണ്ടചരിത്രമുണ്ടായിരുന്നു. തന്റെ പിതാവും പിതൃപിതാവും വിശ്വസ്ത സുവിശേഷപ്രാസംഗികരായിരുന്നു.

**"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല."**
**സദൃ. 22 : 6**



എങ്കിലും വളരെ ദാരിദ്ര്യമുള്ള ഒരു കുടുംബത്തിലായിരുന്നു മൊർദെക്കായി ഹാം വളർന്നത്. അതിനാൽ, ഒരു സുവിശേഷകപ്രസംഗകനായിത്തീരില്ല എന്ന് താൻ തുടക്കത്തിൽത്തന്നെ ഹൃദയത്തിൽ നിശ്ചയിച്ചിരുന്നു. സ്കൂൾപഠനത്തിനുശേഷം മൊർദെക്കായി കച്ചവടത്തിനായും വില്പനയ്ക്കായും ഇറങ്ങിത്തിരിച്ചു. പക്ഷെ, തന്റെ പിതൃപിതാവിന്റെ മരണത്തിലൂടെ ദൈവം മൊർദെക്കായിയുടെമേലുള്ള ആത്മീയ വിളി പുതുക്കുവാനിടയായി. ആ അനുഭവത്തെക്കുറിച്ചു താൻ പിന്നീടൊരിക്കൽ ഇങ്ങനെ പറഞ്ഞു, *"അദ്ദേഹം മരിക്കുന്ന കാഴ്ചയാണ് എന്നിൽ ക്രിസ്തീയ അനുഭവത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് ബോധ്യം വരുത്തുവാൻ തക്കവണ്ണം മറ്റേതൊന്നിനേക്കാളും അധികമായി പ്രേരണയായി തീർന്നത്."*

# മൊർദെക്കായി ഹാം
## എന്ന സുവിശേഷകൻ

ബെസ്സി സൈമോൺസിനെ വിവാഹം ചെയ്തതിനു പിന്നാലെ, ആറ് മാസങ്ങൾ കഴിഞ്ഞപ്പോൾ, മൊർദെക്കായി തന്റെ ജോലി ഉപേക്ഷിച്ചു ശുശ്രൂഷയ്ക്കായി - ബാപ്റ്റിസ്റ്റ് സഭയിലെ സുവിശേഷകനായി - ഇറങ്ങിത്തിരിച്ചു.

1905ൽ, ബെസ്സി സെറിബ്രൽ മെനിഞ്ചൈറ്റിസ് മൂലം പെട്ടെന്ന് മരിക്കുവാനിടയായി.

പിന്നീട്, 1907ൽ, അദ്ദേഹം ആനി ലോറിയെ വിവാഹം കഴിക്കുകയും അൻപതുവർഷങ്ങൾക്കുമപ്പുറമുള്ള, സന്തോഷകരമായ ഒരു കുടുംബജീവിതം നയിക്കുകയും ചെയ്തു. അവർക്കു അനുഗ്രഹിക്കപ്പെട്ട മൂന്നു പെൺകുട്ടികൾ ജനിച്ചു - മാർത്ത, ഡൊറോത്തി, ആനി.



## "എല്ലാ മനുഷ്യരെയും സ്നേഹിക്കുക, ഒരു മനുഷ്യനെയും പേടിക്കാതിരിക്കുക."

## ഇതായിരുന്നു മൊർദെക്കായിയുടെ ജീവിതത്തിന്റെ മുദ്രാവാക്യം

- എല്ലാം തുറന്നുപറയുന്ന ഒരു സുവിശേഷകനായിരുന്നു മൊർദെക്കായി. കർണരസമാകുമാറുള്ള കാര്യങ്ങൾ പറയാത്തതിനാൽ പലരും അദ്ദേഹത്തെ വെറുത്തിരുന്നു. അദ്ദേഹം പലതവണ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുന്ന അവസ്ഥവരെ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ, മൊർദെക്കായി മടുക്കുവാൻ തയ്യാറായില്ല !

- മൊർദെക്കായിയുടെ ജീവിതത്തിലും തന്റെ സന്ദേശത്തിലൂടെ ദൈവത്തിന്റെ സത്യം കേട്ട അനേകരുടെ ജീവിതങ്ങളിലും ദൈവം ശക്തമായി പ്രവർത്തിക്കുവാനിടയായി.




- മദ്യപാനം മുതലായ സാമൂഹിക തിന്മകളെ അദ്ദേഹം ഭയങ്കരമായി എതിർത്തിരുന്നു.

- വർഷങ്ങളോളം താൻ ഒരു റേഡിയോ പരിപാടി നടത്തിയിരുന്നു. തന്റെ കേൾവിക്കാരോട് അദ്ദേഹം പലപ്പോഴായി ഇങ്ങനെ പറഞ്ഞിരുന്നു, *"ഞാൻ നിങ്ങളെ ആകാശത്തിൽ കണ്ടുമുട്ടുംവരെയും റേഡിയോയിൽ കണ്ടുമുട്ടാം."*

# സുവിശേഷകനായിരുന്ന ബില്ലി ഗ്രഹാമിനെ ക്രിസ്തുവിലേക്ക് നയിച്ചത് മൊർദെക്കായി ഹാമായിരുന്നു

- **1934 ൽ, നോർത്ത് കരോലിനയിലെ ചാർലറ്റിൽ ഒരു ഉണർവ് കൂടാരയോഗത്തിൽ പ്രസംഗിക്കുവാൻ മൊർദെക്കായി ക്ഷണിക്കപ്പെട്ടു. പ്രസംഗത്തിന്റെ തുടക്കത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ഈ രാത്രിയിൽ ഈ സ്ഥലത്തു ഒരു മഹാപാപിയുണ്ട്."**
- കൗമാരക്കാരനായിരുന്ന ബില്ലി ഗ്രഹാം അന്ന് ബേസ്ബോളിൽ ഭ്രമംകൊണ്ടുനടന്നിരുന്നതിനാൽ ആരാധനയ്ക്കു പോകുന്നതിലൊന്നും ഒരു താല്പര്യവുമില്ലായിരുന്നു. അന്ന് രാത്രിയിലാകട്ടെ, ബില്ലിയും തന്റെ കൂട്ടുകാരനായ ഗ്രേഡിയും സുവിശേഷകനായ ഹാമിനെ മുഖാമുഖം കാണുന്നതൊഴിവാക്കുവാനായി ഗായകസംഘത്തിന്റെ ഇടയിൽ ഒളിച്ചിരുന്നു.
- **ഹാമിന്റെ രോഷാകുലമായ ഭാവവും ജ്വലിക്കുന്ന പ്രസംഗവും ഇരുവരെയും ഭയപ്പെടുത്തിയെങ്കിലും, ഓരോ രാത്രിയും ആയിരക്കണക്കിന് ജനങ്ങൾ കൂടിവന്ന ആ ഉണർവ് യോഗത്തിൽ അവർ ആകൃഷ്ടരായി. അങ്ങനെ, മൊർദെക്കായിയുടെ സന്ദേശത്തിലൂടെ ബില്ലിയും കൂട്ടുകാരനായ ഗ്രേഡിയും രക്ഷിക്കപ്പെട്ടു.**



# മൊർദെക്കായി ഹാമിനെക്കുറിച്ചുള്ള ബില്ലി ഗ്രഹാമിന്റെ വാക്കുകൾ

1961ൽ മൊർദെക്കായി മരിച്ചു.

1961ൽ, അമേരിക്കയിലെ ലൂയിവില്ലെയിലുള്ള വാൾനട്ട് സ്ട്രീറ്റ് ബാപ്റ്റിസ്റ്റ്  ചർച്ചിൽവച്ചു ബില്ലി, ഹാമിന് ആദരാഞ്ജലികൾ സമർപ്പിച്ചു. ആ സംസ്കാര ശുശ്രുഷയിൽ ബില്ലി ഗ്രഹാം മൊർദെക്കായിയെ ഒരു **“മല്ലൻ”** എന്ന് വിശേഷിപ്പിക്കുകയും, ഇദ്ദേഹത്തിന്റെ ശുശ്രുഷയിലൂടെ എണ്ണായിരത്തോളം ദൈവപുരുഷന്മാർ ആ കാലത്തു പ്രസംഗവേദിയിലുണ്ടായിരുന്നു എന്ന് അവകാശപ്പെടുകയും ചെയ്കയുണ്ടായി.

**“നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടതു; ദുഷ്ടന്മാരുടെ പേരോ കെട്ടുപോകും.” സദൃ. 10: 7**




# മൊർദെക്കായി ഹാം : പ്രസക്ത വരികൾ

- "തങ്ങൾക്ക് ഒരു ഉണർവ് വേണം എന്ന് സമ്മതിച്ചുതരുവാൻ ജനങ്ങൾ ലജ്ജിക്കുന്നു."

- "പാതിവഴി വന്നുനിൽക്കുന്നവരായ വളരെയധികം ക്രിസ്ത്യാനികളുണ്ട്. അവർ വാതിൽക്കൽ വന്നു നിന്ന്, ഒരു കൈകൊണ്ട് സഭയെ പിടിച്ചുകൊള്ളുകയും മറ്റേകൈക്കൊണ്ട ലോകത്തിന്റെ കളിപ്പാട്ടങ്ങളുമായി കളിക്കുകയും ചെയ്യുന്നു. അവർ വാതിൽക്കൽ തടസ്സമായി നിൽക്കുന്നതിനാൽ നമുക്ക് പാപികളെ അകത്തേയ്ക്ക് കൊണ്ടുവരുവാൻ കഴിയുന്നില്ല."

# നമുക്ക് പ്രാർത്ഥിക്കാം !

*പ്രിയ സ്വർഗ്ഗീയ പിതാവേ,*



***അങ്ങയെ അനുസരിക്കുവാനും യേശുക്രിസ്തുവിനെക്കുറിച്ചുള്ള സദ്വർത്തമാനം എല്ലാവരോടും പ്രസംഗിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. ദൈവരാജ്യത്തെപ്പറ്റിയുള്ള സുവിശേഷം പങ്കിടുവാനായി ഇറങ്ങിത്തിരിക്കുവാനാവാശ്യമായ ധൈര്യത്താലും സ്നേഹത്താലും ഞങ്ങളെ നിറയ്ക്കുവാൻ പ്രാർത്ഥിക്കുന്നു. കർത്താവേ, അങ്ങയുടെ സാക്ഷികളായി നിൽക്കാനായി ധാരാളമായുള്ള കൃപ ഞങ്ങൾ സ്വീകരിക്കുന്നു. അങ്ങയുടെ നാമം ഞങ്ങളിലൂടെ മഹത്വപ്പെടട്ടെ. യേശുക്രിസ്തുവിന്റെ നാമത്തിൽത്തന്നെ. ആമേൻ.***

# നന്ദി, യേശുവേ !

**ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ !**


Godreveals.co.in